# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 33

# Ishal Paithrkam

Online issue 18 print issue 33 June 2023

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
June 2023

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 33
2023 ജൂൺ
പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി
**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ

**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഫൈസൽ എളീറ്റിൽ
റസാഖ് പയമ്പ്രോട്ട്
എം.എൻ. കാരശ്ശേരി
കാനേഷ് പൂനൂർ
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC Listed
Quarterly
Bilingual
Issue: 33
Online issue: 18
June: 2023
all rights reserved

**Editor**
Dr. Shamshad hussain. KT

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

## Editorial

# UNIFORM CIVIL CODE

**Prof.(Dr) Shamshad Hussain KT**

Law commission has solicited opinions from various organizations as part of the implementation of the uniform civil code. Neither out line nor draft was available of it about how to implement it before seeking opinions. Unifying civil laws does not mean making new civil laws. Or does it mean adding to certain existing laws. There are many groups which follow various religious customs in India. There are many tribes and casts follow different customs. Does Uniform civil code mean forming a new legal system by unifying these various cultural identities? Does the proposed uniform civil code exist within the secular framework? There was no clarity regarding these matters. If various groups are brought under the Code, which section of Indian society represents it? These are not specified. In the name of Indian culture, if laws of various groups are unified to the Hindu law code; it implies that Hindu code is secure at all level. Buddhists, Jains and Dalits follow Hindu code at present. A marriage can be conducted customarily according to Hindu code; however; legal separation is possible through courts. Customary marriages defer according to castes and groups. Which customary marriage is accepted as standard through and by unifying civil laws?. Do customary marriages continue for different castes and groups? Or if marriage is unified under the Uniform civil code, will it be secular like the special marriage act? Can anyone who is born and brought up in religious set up, follow the supposed secular marriage law sidelining customary marriage? The comments in general, are based on the assumed nature of common civil code. It

ISSN:2582-550X

is relevant to ask the question- Is it possible to solicit public opinion based on assumption? How can these opinions be accepted as authentic. Some political parties determined to get the sanction from the current parliamentary session for the implementation of uniform civil code in spite of the lack of clarity about it.

Can anyone who is born and brought up within religion follow secular line,? The answer is definite 'yes'. It is easy to practice in the social life of Kerala; but for those who find it difficult to leave family ties, secular life seems difficult. They have to participate in family functions even though they do not like it. Sometimes they are forced to participate. If they avoid the family functions they may be blamed. Despite the existence of such difficult situations, through his stance Razak Payambrat gave a model to secular life . Razak, Social Activist, the first publisher and master brain behind the journal Ishal Paithrkam is remembered for his definite choice of secular over religion.

Prof.(Dr) Shamshad Hussain KT
ORCID: 0000-0002-2757-3575

# ഏകസിവിൽകോഡ്

ഡോ. ഷംഷാദ് ഹുസൈൻ

ഏകീകൃത സിവിൽ നിയമം നടപ്പാക്കുന്നതിനായി ലോ കമ്മീഷൻ പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും അഭിപ്രായം തേടിയിരിക്കുകയാണിപ്പോൾ. എന്നാൽ ഏകീകൃത സിവിൽ നിയമങ്ങളുടെ രൂപരേഖയോ അത് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒരു കരട് പോലും ലഭ്യമാകാതെയാണ് അഭിപ്രായം തേടൽ. സിവിൽ നിയമങ്ങൾ ഏകീകരിക്കുക എന്നാൽ സിവിൽ നിയമങ്ങൾ പുതിയതായി ഉണ്ടാക്കിയെടുക്കലാണോ? അതോ നിലവിലുള്ള ഏതെങ്കിലും നിയമങ്ങളിലേക്കതിനെ ഏകീകരിക്കലാണെ?. ഇന്ത്യയിൽ പല മതാചാരങ്ങൾ പിന്തുടരുന്ന വിഭാഗങ്ങൾ ഉണ്ട്. അനേകം ഗോത്ര വിഭാഗങ്ങളും അനേകം ജാതി ആചാരങ്ങളെ പിന്തുടരുന്നവരും ഇവിടെയുണ്ട്. ഇവയെ എല്ലാം ഏകീകരിച്ചുകൊണ്ട് പുതിയ നിയമം ഉണ്ടാക്കുകയാണോ? അങ്ങനെ പുതിയതായി ഉണ്ടാക്കുകയാണെങ്കിൽ അവ മതേതര സങ്കൽപത്തിൽ നിലനില്കുന്നതാവുമോ? ഇത്തരം കാര്യങ്ങളിലൊന്നും വ്യക്തതയില്ല. നിലവിലുള്ള നിയമങ്ങളിലേക്ക് എല്ലാ വിഭാഗങ്ങളെയും ഉൾച്ചേർക്കുകയാണെങ്കിൽ അത് ഏത് വിഭാഗത്തിന്റെ നിയമമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. ഭാരതീയ സംസ്കാരത്തിന്റെയെല്ലാം പേരിൽ നിലവിൽ ഹിന്ദുനിയമത്തിലേക്ക് എല്ലാ വിഭാഗങ്ങളുടെയും നിയമങ്ങൾ ഏകീകരിക്കപ്പെടുകയാണെങ്കിൽ, നിലവിലുള്ള ഹിന്ദുകോഡ് എല്ലാതരത്തിലും ഭദ്രമാണെന്ന് പറയാനാകുമോ?. നിലവിൽ ബുദ്ധജൈന മതങ്ങളും ദളിത് വിഭാഗങ്ങളുമെല്ലാം ഹിന്ദുകോഡാണ് പിന്തുടരുന്നത്. ഹിന്ദു നിയമപ്രകാരം വിവാഹം കസ്റ്റമറി (ആചാര പ്രകാരം) ആയി നടത്താവുന്നതാ

ണ് എന്നാൽ വിവാഹമോചനം നിയമപ്രകാരം കോടതിവിധി പ്രകാരം മാത്രമേ സാധ്യമാവൂ. ആചാര പ്രകാരം നടത്തുന്ന വിവാഹങ്ങൾ ഓരോ ജാതി വിഭാഗങ്ങൾക്കും വ്യത്യസ്തമാണ്. ഇതിൽ ഏതാണ് ഏകീകരണത്തിൽ സ്വീകരിക്കുക. വിവാഹാചാരങ്ങൾ വ്യത്യസ്തമായിത്തന്നെ തുടരുകയാണോ ചെയ്യുക അല്ലെങ്കിൽ എല്ലാവരും മതേതരരീതിയിൽ പിന്തുടരുന്ന തരത്തിൽ സ്പെഷൽ മാരേജ് ആക്ട് പോലുള്ള നിയമ പ്രകാരം വിവാഹ രീതി ഏകീകരിക്കുകയാണെങ്കിൽ, ഏതെങ്കിലും മതവിഭാഗങ്ങൾ കസ്റ്റമറി വിവാഹം ഒഴിവാക്കി പൊതുരീതി സ്വീകരിക്കാൻ തയ്യാറാവുമോ? മേൽപറഞ്ഞവരെല്ലാം ഏകീകൃത സിവിൽ നിയമം എങ്ങനെയായിരിക്കുമെന്നതിനെ സംബന്ധിച്ച് ഊഹങ്ങൾ വെച്ചുകൊണ്ടാണ് എഴുതിയത്. ഊഹംവെച്ചുകൊണ്ട് എങ്ങനെയാണ് ഏകീകൃത സിവിൽ കോഡിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്നത്? ഇങ്ങനെ സ്വീകരിക്കുന്ന അഭിപ്രായങ്ങൾ എങ്ങനെയാണ് ആധികാരികമായി സ്വീകരിക്കുക. ഇത്രയും അവ്യക്തത നിലനില്ക്കെയാണ് ഏകീകൃത സിവിൽ നിയമം പാർലിമെന്റ് സമ്മേളനത്തിൽ തന്നെ നടപ്പാക്കുമെന്ന്ചില രാഷ്ട്രീയ വിഭാഗങ്ങൾ ഉറപ്പിച്ചിരിക്കുന്നത്.

ഏതെങ്കിലും ഒരു മതവിഭാഗത്തിൽ ജനിച്ചവർക്ക് മതേതര ജീവിതം സാധ്യമാണൊ എന്ന് ചോദിച്ചാൽ എളുപ്പത്തിൽ അതെ എന്ന് പറയാം. കേരളത്തിൽ സാമൂഹ്യ ജീവിതത്തിലും അത് എളുപ്പത്തിൽ സാധ്യമാകുന്നതുതന്നെ. എന്നാൽ കുടുംബബന്ധങ്ങളെ പൂർണ്ണമായും ഉപേക്ഷിക്കാനാവാത്തവർക്ക് മതേതര ജീവിതം എറെ ശ്രമകരമായ ദൗത്യമാണ്. കുടുംബത്തിൽ മറ്റുള്ളവർ നടത്തുന്ന ചടങ്ങുകൾക്ക് ഇഷ്ടപ്രകാരമല്ലെങ്കിലും പങ്കുകൊള്ളേണ്ടി വരും. അതിൽ ഭാഗവാക്കാവേണ്ടവയും കണക്കിന് കാണും. അവയിൽ നിന്നൊഴിഞ്ഞു നില്ക്കുമ്പോൾ പ്രത്യകമായ ശ്രദ്ധയും ചിലപ്പോൾ അത് കുറ്റപ്പെടുത്തലുകളായും മാറും. അത്തരമൊരു സാഹചര്യം നിലനില്ക്കെത്തന്നെ തന്റെ നിലപാടുകളിൽ ഉറച്ചുനിന്ന് മതേതര ജീവിതത്തിന് മാതൃക കാണിച്ചയാൾ എന്ന നിലക്കാണ് ഈ ജേർണലിന്റെ മുഖ്യസൂത്രധാരനും പ്രഥമ പ്രസാധകനുമായ റസാഖ് പയമ്പ്രോട്ടിനെ ഞാൻ ഓർക്കുക.

**ഡോ. ഷംഷാദ് ഹുസൈൻ**
**എഡിറ്റർ**
ORCID: 0000-0002-2757-3575